# പതിനാലാം കേരള നിയമസഭ

15 -ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *63 — 10.06.2019-ലെ മറുപടിയ്ക്ക്

## പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടവർക്ക് ജീവനോപാധി .

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആന്റണിജോൺ<br>ശ്രീ. ബി ഡി ദേവസ്സി<br>ശ്രീ. കെ ബാബു<br>ശ്രീ. സി കെ ഹരീന്ദ്രൻ | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) | |
| എ | സംസ്ഥാനത്ത് പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ടവർക്ക് ഒരു കുടുംബത്തിൽ ഒരാൾക്കെ ങ്കിലും സ്ഥിരജോലി ലഭ്യമാക്കു കയും അതുവഴി ആ കുടുംബ ങ്ങളെയെല്ലാം വികസന മുഖ്യ ധാരയിലെത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | എ | കേരളത്തിലെ ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക എന്നത് 2019-20 വാർഷികപദ്ധതിയുടെ പ്രധാനലക്ഷ്യങ്ങളിലൊന്നാണ്. ഇത് ബഹു. ഗവർണറുടെ നയപ്രഖ്യാപനത്തിൽ പ്രതി പാദിച്ചിട്ടുണ്ട്. 2018-19 വർഷം മുതൽ തന്നെ ഇതിന്റെ ഭാഗമായി നടപടികൾ ആരംഭിച്ചിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് സമീപകാലത്ത് നടത്തിയ സർവ്വെ പ്രകാരം 137743 കുടുംബങ്ങളാണ് കേരളത്തിലുള്ളത്. എന്നാൽ 20384 പേരാണ് പത്താംക്ലാസും അതിന് മുക ളിലും വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളത്. മെച്ച പ്പെട്ട വിദ്യാഭ്യാസ യോഗ്യത നേടിയവർക്ക് സർക്കാർ മേഖലയിൽ തന്നെ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ഒരു ഭാഗത്ത് നടന്നുവരികയാണ്.<br>ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സർക്കാർ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പ് മേധാവി കൾക്ക് നൽകിയിട്ടുണ്ട്. ആദ്യപരിഗണന പട്ടികവർഗ്ഗ ക്കാർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തിക കളിൽ അടിയന്തിര നിയമനം നടത്തുന്നതിനാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഇതിന് പുറമെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പോലീസ്, എക്സൈസ് വകുപ്പുകളിൽ നടത്തിയ പ്രത്യേക നിയമനങ്ങൾക്ക് സമാനമായി സാധ്യമായ മറ്റ് വകുപ്പുകളിൽ കൂടി സ്പെഷ്യൽ ഡ്രൈവ് നടത്തു വാൻ നടപടി സ്വീകരിച്ചുവരികയാണ്. പോലീസിലും |

| | | | |
|---|---|---|---|
| | | | എക്സൈസിലും കൂടി നൂറ് പേരെ നിയമിച്ചു. വനംവകുപ്പിൽ വാച്ചർമാരായി 500 പേരെ നിയമിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ 100 പേരെ പ്രീമട്രിക് ഹോസ്റ്റൽ വാച്ചുമാൻമാരായി നിയമിച്ചിട്ടുമുണ്ട്.<br><br>അഭ്യസ്തവിദ്യരായ മുഴുവൻ ആളുകൾക്കും സർക്കാർ മേഖലയിൽ തന്നെ തൊഴിൽ നൽകുക എന്നത് പ്രയാസകരമാണ്. എന്നാൽ ഉയർന്ന തൊഴിൽ സാധ്യതകളുള്ള നിരവധി മേഖലകളിൽ പരിശീലനത്തിലൂടെ സ്ഥിരം വരുമാനമുള്ള തൊഴിൽ നേടുവാൻ കഴിയുമെന്ന് മുൻ അനുഭവങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായി 2603 പേർക്ക് ഇതിനകം തൊഴിൽ നൽകി കഴിഞ്ഞു.<br><br>• 'ഗോത്രബന്ധു' പദ്ധതി പ്രകാരം 267 മെന്റർ ടീച്ചർമാർ<br>• സാമൂഹ്യപഠനമുറികളിൽ 100 ഇൻസ്ട്രക്ടർമാർ<br>• 1182 എസ്ടി പ്രമോട്ടർമാർ<br>• ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലും ഡവലപ്മെന്റ് ഓഫീസുകളിലും സഹായികളായി 140 മാനേജ്മെന്റ് ട്രെയിനികൾ<br>• വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ്, പ്രാദേശിക വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്കായി 31 കമ്മിറ്റഡ് സോഷ്യൽവർക്കർമാർ<br>• 100 സാക്ഷരതാ പ്രേരക്മാർ<br>• 700 സാക്ഷരതാ ഇൻസ്ട്രക്ടർമാർ<br>• കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാൻ 200 ആനിമേറ്റർമാർ<br>• മില്ലറ്റ് വില്ലേജ് പ്രൊജക്ട് കോർഡിനേറ്റർമാരായി 9 പേർ<br>• പട്ടികജാതി വിഭാഗത്തിൽപ്പെട്ട 108 പേർക്ക് വിദഗ്ധ പരിശീലനം നൽകി വിദേശത്ത് തൊഴിൽ ലഭ്യമാക്കിയ രീതിയിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കും പരിശീലനം ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് നൂറ് ദിവസത്തെ അധിക തൊഴിൽ നൽകുന്ന കേരള ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം 23096 പേർക്ക് നൂറ് ദിവസത്തെ അധിക തൊഴിൽ ലഭ്യമാക്കി വരുന്നു.<br>'മില്ലറ്റ് വില്ലേജ്' എന്ന പേരിൽ പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും ചേർന്ന് അട്ടപ്പാടി മേഖലയിൽ ഭക്ഷ്യസുരക്ഷയും ജീവനോപാധിയും ലക്ഷ്യമിട്ട് ഒരു വിപുലമായ പദ്ധതി നടപ്പിലാക്കി വരികയാണ്. 760 ഹെക്ടർ സ്ഥലത്ത് ഇപ്പോൾ കൃഷിയിറക്കിയിട്ടുണ്ട്. റാഗി, തിന, ചോളം, ചാമ തുടങ്ങിയ ചെറുധാന്യങ്ങൾ ശേഖരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.<br>മിൽമയുമായി സഹകരിച്ച് 500 പശുവളർത്തൽ യൂണിറ്റുകൾ മലപ്പുറം, വയനാട്, കോഴിക്കോട്, കാസർഗോഡ്, കോട്ടയം, തിരുവനന്തപുരം ജില്ലകളിൽ ആരംഭിച്ചു.<br>പട്ടികവർഗ്ഗക്കാരുടെ കൈവശമുള്ള ഭൂമിയിലും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കൈവശമുള്ള ആറളം, ചീങ്ങേരി, അട്ടപ്പാടി ഫാമുകളിലും 15 കോടി രൂപയുടെ പുതിയ ഊർജ്ജിത കാർഷിക വികസന പദ്ധതി ആരംഭിക്കുകയാണ്. ഇതിനുള്ള പരിശീലനം കാർഷിക സർവ്വകലാശാല വഴി നടത്തുകയാണ്.<br>അട്ടപ്പാടിയിൽ വസ്ത്രനിർമ്മാണത്തിൽ ആറ് മാസത്തെ വിദഗ്ധ പരിശീലനം നൽകി 291 യുവതികളെ 'അടാപ്' എന്ന പേരിൽ സ്വയംസംഘമായി രൂപീകരിച്ച് അപ്പാരൽപാർക്ക് ആരംഭിച്ചു. ഈ വർഷം മുതൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവയിലെ കുട്ടികൾക്കുള്ള യൂനിഫോം ഈ സ്ഥാപനത്തിലാണ് നിർമ്മിക്കുന്നത്.<br>1170 പേരെ കെട്ടിട നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപ്പെന്റർ, ഇലക്ട്രീഷ്യൻ, പ്ലംബർ, എന്നീ ട്രേഡുകളിൽ പരിശീലിപ്പിച്ച് 'ഗോത്രജീവിക' എന്ന പേരിൽ 53 സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചു. ലൈഫ് മിഷൻ ഉൾപ്പെടെയുള്ള ഭവന |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവർത്തനങ്ങളും, കോളനി വികസന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികളും ഇപ്പോൾ ഏറ്റെടുത്ത് നടത്തിവരികയാണ്.<br>സ്വയംതൊഴിൽ ഉൽപ്പന്നങ്ങളുടെയും വനവിഭവങ്ങളുടെയും വിപണനം എളുപ്പത്തിൽ നടത്തുവാൻ 'ഗദ്ദിക' വിപണന മേളകൾ നടത്തിവരികയാണ്. ഇപ്പോൾ ഗദ്ദികയിൽ വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങൾ ആഗോള ഓൺലൈൻ മാർക്കറ്റിംഗ് ശൃംഖലയായ ആമസോണിലൂടെയും വിതരണം ആരംഭിച്ചിട്ടുണ്ട്. |
| ബി | പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടവരുടെ മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ? | ബി | മാനവശേഷി വികസനത്തിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിന് ഉയർന്ന പരിഗണനയാണ് സർക്കാർ നൽകിവരുന്നത്.<br>സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളായ സി-ഡിറ്റ്, സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ്, കെൽട്രോൺ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ടെക്നോളജി, ഇലക്ട്രോണിക് ഡവലപ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്, നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, ഇറാം, എത്തിയോസ്, ധന്വന്തരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ്, കേരള സർക്കാരിന്റെ തൊഴിൽ പരിശീലന സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് പരിശീലന പരിപാടികൾ നടത്തിവരുന്നത്.<br>3428 പേർക്ക് നൈപുണ്യ വികസന പരിശീലനത്തിലൂടെ തൊഴിൽ ഉറപ്പാക്കിയിട്ടുണ്ട്. 2019-20 വർഷത്തിൽ 1380 പേർക്ക് കൂടി പരിശീലനവും തൊഴിലും ലഭ്യമാക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.<br>സംസ്ഥാനത്തിനകത്തും പുറത്തും വിദേശത്തും സ്വകാര്യ സ്ഥാപനങ്ങളിൽ നൈപുണ്യ വികസന പരിശീലനത്തിലൂടെ പ്ലേസ്മെന്റ് നൽകുന്നതിന് 1400 പേരെ വിവിധ സ്ഥാപനങ്ങൾ മുഖേന പരിശീലിപ്പിച്ച് വരികയാണ്.<br>ഐടി മേഖലയിൽ മെച്ചപ്പെട്ട തൊഴിലുകൾ |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിന് പരിശീലനം നൽകുന്ന സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം മണ്ണന്തലയിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചു.<br>ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ നേതൃശേഷി വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ പ്രവർത്തനം നടത്തുന്നതിനും കാർഷിക സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ആവശ്യമായ പരിശീലനം നടന്നുവരികയാണ്. 'ഗോത്രരശ്മി' എന്ന പേരിലുള്ള ഈ പരിപാടി തരിശായ കിടന്ന പാടങ്ങളിൽ കൃഷി ഇറക്കുന്നതിനും പരമ്പരാഗത ഗോത്രകലകളെ പുനരുജ്ജീവിപ്പിക്കുന്നതിനും ഗോത്രഭാഷകൾ വിനിമയത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനും വഴി തെളിയിച്ചു. |
| സി) | ഇവർക്ക് സംരംഭക പ്രോത്സാഹനത്തിനും ജീവനോപാധി സ്വയം കണ്ടെത്തുന്നതിനും ഉതകുന്ന സാമ്പത്തിക-പരിശീലന പദ്ധതികളുണ്ടോ; പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് കൈവരിക്കാൻ കഴിഞ്ഞ നേട്ടം എന്തൊക്കെയെന്ന് അറിയിക്കാമോ? | സി) | എല്ലാ പരിശീലന പരിപാടികളുടേയും ഭാഗമായി സാമ്പത്തിക ആസൂത്രണ പരിശീലനവും നൽകുന്നുണ്ട്.<br>പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 1144 പേർക്ക് ഈ സർക്കാർ വന്ന ശേഷം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പയും സബ്സിഡിയും അനുവദിച്ചിട്ടുണ്ട്. |

Hari

**സെക്ഷൻ ഓഫീസർ**